പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2464

18.12.2012 ൽ
മറുപടിയ്ക്ക്

## ഐ.റ്റി. പാർക്ക് ആരംഭിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.എഫ്. തോമസ് ;<br>ശ്രീ. റ്റി.യു. കുരുവിള ;<br>ശ്രീ. മോൻസ് ജോസഫ് ;<br>ശ്രീ. തോമസ് ഉണ്ണിയാടൻ ; | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| എ) എല്ലാ നിയോജക മണ്ഡലങ്ങളിലും ഓരോ ഐ.ടി. പാർക്ക് ആരംഭിക്കുന്നതിന് നടപടി ഉണ്ടാകുമോ ; വിശദാംശം ലഭ്യമാക്കുമോ ; | എ) എല്ലാ നിയോജക മണ്ഡലങ്ങളിലും ഓരോ ഐ.ടി. പാർക്ക് സ്ഥാപിക്കുന്നത് പ്രായോഗികമല്ല. |
| ബി) ഐ.ടി. അധിഷ്ഠിത വ്യവസായ വികസനത്തിന് നൽകി വരുന്ന സഹായങ്ങളും സൗകര്യങ്ങളും എന്തെന്ന് വ്യക്തമാക്കുമോ ; | ബി) ഐ.ടി നയം 2012 പ്രകാരം ഐ.ടി. പാർക്കുകൾ കൂടുതലായി തുടങ്ങുന്നതിനുള്ള പദ്ധതികൾ വിഭാവനം ചെയ്യുന്നുണ്ട്. നിലവിലുള്ള ഐ.ടി പാർക്കുകളുടെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനോടൊപ്പം മറ്റു വികസന പദ്ധതികളും നടപ്പിലാക്കി വരുന്നു. ഒരു<br><br>Integrated Township മാതൃകയിൽ വിഭാവനം ചെയ്യുന്ന ടെക്നോസിറ്റി പദ്ധതിയുടെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് വേണ്ടിയുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ 3000 സ്റ്റാർട്ടപ്പ് കമ്പനി ഉണ്ടാക്കുവാനും ഉദ്ദേശിക്കുന്നു. സ്വകാര്യ മുതൽമുടക്കിൽ സർക്കാർ അംഗീകരിച്ച ഐ.ടി. ആന്റ് ഹൈടെക് ടൗൺഷിപ്പും സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. ഹാർഡ്‌വെയർ പദ്ധതികൾക്ക് മുൻതൂക്കം കൊടുക്കുവാനും ഉദ്ദേശിക്കുന്നുണ്ട്.<br><br>KSITIL മുഖേന IT/ITES പാർക്കുകൾ / ഐ.ടി. ടൗൺഷിപ്പ് തുടങ്ങിയവ സ്ഥാപിക്കുന്നതിനുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ, ഇതിലേയ്ക്ക് ആവശ്യമുള്ള Clearance/Approval (സെസ് നോട്ടിഫിക്കേഷൻ ഉൾപ്പെടെ) നേടിയെടുക്കുകയും കേരളത്തിലെ വിവിധ ഐ.ടി. പാർക്കുകൾക്ക് റോഡ്, ജല-വൈദ്യുത, മാലിന്യ നിർമ്മാർജ്ജനം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള പ്രവർത്തികളും ചെയ്തുവരുന്നു. |

| | | | |
|---|---|---|---|
| സി) | ഐ.ടി. യിലൂടെ ലഭിക്കുന്ന വരുമാനം എത്ര മാത്രം ഉയർത്താൻ കഴിഞ്ഞു ; വ്യക്തമാക്കുമോ ? | സി) | ഐ.ടി. കയറ്റുമതിയിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് 18.5% വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ